## മേശപ്പുറത്തുവച്ച കടലാസുകൾ

(ചട്ടം 47(2) പ്രകാരമുള്ളത്)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7154-ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 5859, ആറാം സമ്മേളനത്തിലെ 1245, 1276, 3032 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള  കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ അനൂപ് ജേക്കബ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1332-ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണ കാണിക്കൽ സ്റ്റേറ്റ്മെന്റും.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2831–ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(ചട്ടം 236(5) പ്രകാരമുള്ളത്)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ പൊതുഭരണ(എഫ്.എഫ്.പി.ബി) വകുപ്പുമായി ബന്ധപ്പെട്ട 61–ാം ഖണ്ഡികയിലെ ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന സ്റ്റേറ്റ്മെന്റ്.

റവന്യൂവും കയറും വകുപ്പ് മന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII ന്റെ 2011–12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട 18–ാം ഖണ്ഡികയിലെ ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന സ്റ്റേറ്റ്മെന്റ്.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

വനവും പരിസ്ഥിതയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X ന്റെ 2011–12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട 10–ാം ഖണ്ഡികയിലെ ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന സ്റ്റേറ്റ്മെന്റ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX ന്റെ 2010–11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട 16, 17 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന സ്റ്റേറ്റ്മെന്റ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III ന്റെ 2011–12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനസംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട 28–ാം ഖണ്ഡികയിലെ

ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന സ്റ്റേറ്റ്മെന്റ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി (ശ്രീ. കെ.പി.മോഹനൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I ന്റെ 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ കൃഷിവകുപ്പുമായി ബന്ധപ്പെട്ട 10-ാം ഖണ്ഡികയിലെ ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന സ്റ്റേറ്റ്മെന്റ്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ സാമൂഹ്യക്ഷേമം, ലാന്റ് റവന്യൂ കമ്മീഷണറേറ്റ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 51 മുതൽ 55 വരെയുള്ള ഖണ്ഡികകളിലെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന സ്റ്റേറ്റ്മെന്റ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII ന്റെ 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട 39,40 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന സ്റ്റേറ്റ്മെന്റ്.

## റിപ്പോർട്ട് സമർപ്പണം

ശ്രീ. ടി.എൻ. പ്രതാപൻ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിന്നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ശ്രീ. വി.പി. സജീന്ദ്രൻ: സർ, പട്ടിജാതി - പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(റൂളിംഗ്)